## അഌൃശരമി
## അദ്ധ്യായം മുപ്പത്തിര്

# കാര്യവിചാരകത്വം

**(Stewardship)**

യേശുവിന്റെ ഗിരിപ്രഭാഷണം എന്ന അദ്ധ്യായത്തിൽ കാര്യ വിചാരകത്വത്തെക്കുറിച്ച് യേശു ശിഷ്യന്മാരെ ഉപദേശിച്ചത് മുമ്പുള്ള അദ്ധ്യായത്തിൽ നാം കു. "പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നുമോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്, നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ടു എത്രവലിയതു" (മത്താ 6:19–24).

ഭൂമിയിൽ ധനം സമ്പാദിക്കുന്നവർക്ക് അവരുടെ ദൈവവും ധനംതന്നെയാണ്. അവർ ധനത്തെ സേവിക്കുന്നു. ധനം അവരെ ഭരിക്കുന്നു. ദൈവത്തേയും മാമോനേയും (ധനം) ഒരുപോലെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ദൈവം നമ്മുടെ യജമാനനാണെങ്കിൽ, നമ്മുടെ ധനത്തിന്റേയും യജമാനൻ ദൈവം തന്നെ. മനുഷ്യനുവേി മറ്റേതിനേക്കാളുപരി ദൈവത്തോടു ധനം മത്സരിക്കുന്നു. നമുക്കുള്ളതെല്ലാം ത്യജിക്കാതെ യേശുവിന്റെ യഥാർത്ഥ ശിഷ്യനായിത്തീരാൻ നമുക്ക് കഴിയുകയില്ലായെന്ന് യേശു പറഞ്ഞതിന്റെ പൊരുൾ ഇതാണ് (ലൂക്കോ 14:33) ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് ഭൗതികസമ്പത്തില്ല. ഉത്തമശിഷ്യൻ ദൈവത്തിന്റെ കാര്യവിചാരകനാണ്. ദൈവത്തിന്റെ ധനം ദൈവത്തിന്റെ കാര്യവിചാരകനാണ്. ദൈവത്തിന്റെ ധനം തന്റെ കാര്യവിചാരകനീലൂടെ വിന ിമയം ചെയ്യപ്പെട്ടു ദൈവത്തിന്റെ സ്വഭാവവും, രാജ്യവും വെളിപ്പെടുത്തുവാൻ ഉപയോഗിക്കുന്നു.

കാര്യവിചാരകന്മാരുടെ ചുമതല യേശുവ്യക്തമാക്കിട്ടു്. എന്നാൽ യേശുവിന്റെ അനുയായികൾ എന്ന് അഭിമാനിക്കുന്നവർ ഇതിന് ലേശംപോലും മൂല്യം നൽകിയിട്ടില്ല. ഇന്ന് പല ശുശ്രൂഷകരും അതിനെ വളച്ചൊടിച്ച് സമൃദ്ധിയുടെ സിദ്ധാന്തം (Prosperity Doctrine) ആക്കി മാറ്റിയിരിക്കുകയാണ്. ഉത്തമശിഷ്യന്റെ ചുമതല സമൃദ്ധിയുടെ സിദ്ധാന്തം പ്രചരിപ്പിക്കുകയല്ല, യേശുവിന്റെ കല്പനകൾ പ്രവർത്തിയിലൂടേയും വചനപരമായ കാര്യവിചാരകത്വം പഠിപ്പിക്കുന്നവനായിരിക്കും.

കാര്യവിചാരകത്വത്തെക്കുറിച്ച് വചനം എന്തുപഠിപ്പിക്കുന്നു എന്നു നോക്കാം. അതുപോലെ സമൃദ്ധിയുടെ സിദ്ധാന്തത്തിന്റെ തെറ്റായ കാഴ്ചപ്പാടുകളുടെ ഉദാഹരണങ്ങൾ നോക്കാം. ഇതിനെക്കുറിച്ച് ഞാൻ

ഇംഗ്ലീഷിൽ രചിച്ച Biblical Topics" എന്നുപേരുള്ള പുസ്തകത്തിലെ "Jesus on Money" എന്ന അദ്ധ്യായം ഞങ്ങളുടെ വെബ് സൈറ്റിൽ (Shepherdserve.org) നിങ്ങൾക്ക് വായിക്കാവുന്നതാണ്.

## നമ്മുടെ ആവശ്യങ്ങളെ അറിയുന്നവൻ
## (The Supplier of Our Needs)

പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ പൗലോസ് എഴുതി എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി 4:19).

പലപ്പോഴും വിശ്വാസികൾ ഈ വചനത്തെ ഉദ്ധരിച്ച് പ്രാർത്ഥിക്കാറു്, എന്നാൽ ഇതിന്റെ സന്ദർഭം എന്താണ്? സന്ദർഭത്തിന്റെ പാശ്ചാത്തലത്തിൽ ചിന്തിച്ചാൽ ഇത് പൗലോസ് ഫിലിപ്യയിലുള്ള വിശ്വാസികൾക്ക് വിശ്വാസത്തോടുകൊടുത്ത ഉറപ്പാണെന്ന് കാണാം.

> എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി. ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവു ചിലവുകാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. തെസ്സലൊനിക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നുരുവട്ടം അയച്ചുതന്നുവല്ലോ. ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്കു ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നതു. ഇപ്പോൾ എനിക്കു വേുന്നതു എല്ലാം ഉു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൗരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.

യേശുവിന്റെ ആവശ്യത്തെ അറിഞ്ഞ് യേശുവിനുവേി ചിലവിടാൻ ഫിലിപ്യയിലുള്ള ജനം തയ്യാറായതുകൊ്, തീർച്ചയായും ദൈവം അവരുടെ ആവശ്യങ്ങൾക്കൊത്തവണ്ണം ചിലവിടുമെന്ന്പൗലോസ് ഉറപ്പുനൽകുന്നു. അവർ ആദ്യം ദൈവത്തിന്റെ രാജ്യം അന്വേഷിച്ചു. അതായത് അവരുടെ ദാന ങ്ങൾ പൗലോസിനെ ഏല്പിച്ചു. തന്മൂലം സഭയുടെ കെട്ടുപണിക്കാവശ്യമായ അടിസ്ഥാനമിടാൻ പൗലോസിനുകഴിഞ്ഞു. ഗിരിപ്രഭാഷണത്തിൽ യേശു പ റഞ്ഞു:

> ഈ വകഒക്കേയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും, നിങ്ങൾക്ക്, ആവശ്യം എന്നു

അറിയുന്നുവല്ലോ മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതൊടുകൂടെ ഇതൊക്കേയും നിങ്ങൾക്ക് കിട്ടും (മത്താ 6:32–33).

ഫിലി 4:19 പ്രകാരം ഫിലിപ്യയിലുള്ളവർക്ക് പൗലോസ് നൽകിയ വാഗ്ദത്തം, ആ വചനം ഉദ്ധരിച്ച് യാചിക്കുന്ന എല്ലാവർക്കും അവകാശപ്പെട്ടതല്ല, ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്കുള്ള വാഗ്ദത്തമാണ്.

## യഥാർത്ഥത്തിൽ നമുക്കെന്താണാവശ്യം?
## (What Do We Really Need?)

മത്തായി 6:32–33ൽ യേശു നമുക്ക് നൽകിയിരിക്കുന്ന വാഗ്ദത്തം നാം നന്നായി മനസ്സിലാക്കണം. പലപ്പോഴും നാം നമ്മുടെ ആവശ്യങ്ങളേയും (ചലലററ) കുറവുകളേയും (ണമിറേ) തമ്മിൽ തിരിച്ചറിയാറില്ല. നമ്മുടെ ആവശ്യങ്ങളെന്താണെന്ന് യേശു തിരിച്ചറിഞ്ഞിട്ടു്. യേശു പറഞ്ഞു: ഇവയൊക്കേയും നിങ്ങൾക്ക് ആവശ്യമെന്ന് നിങ്ങളുടെ സ്വർഗ്ഗസ്തനായ പിതാവ് അറിയുന്നു.

ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക, അതോടെ നിനക്കു സകലവും ലഭിക്കും എന്ന് യേശു പറഞ്ഞു. സകലവും എന്നാൽ എന്താണ്? യേശു പറഞ്ഞത് മത്താ 6:25–31 വാകൃങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആഹാരം, വെള്ളം,വസ്ത്രം ഇവമൂന്നുമാണ് യഥാർത്ഥത്തിൽ ഒരു മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾ. യേശുവിനും തന്നോടൊപ്പം ആയിരുന്ന തന്റെ ശിഷ്യന്മാർക്കും ഉായിരുന്നത് ഇതുമാത്രമായിരുന്നു.

പൗലോസും, തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ യേശുവിന്റെ ഈ നിർവചനത്തോടു പൂർണ്ണമായി യോജിക്കുന്നു.

> അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊുവന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊുപോകുവാൻ കഴിയുന്നതുമല്ല. ഉണ്ണാനും ഉടുപ്പാനും ഉങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യൻ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധദോഷത്തിന്നും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുവന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു.

ആഹാരവും വസ്ത്രവുമാണ് ഭൗതികമായി മനുഷ്യന്റെ പ്രാഥമിക ആവശ്യം, അവന് അതിന്റെ അവശ്യമേയുള്ളു. അല്ലായിരുന്നെങ്കിൽ നാം

അതുകൊ് തൃപ്തരാകണമെന്ന് പൗലോസ് പറയുകയില്ലായിരുന്നു. അവരുടെ ആവശ്യങ്ങൾ ഒക്കേയും ദൈവം തീർത്തുതരുമെന്ന് പൗലോസ് ഫിലിപ്പിയരോടു പറഞ്ഞ വാഗ്ദത്തത്തിന്റെ കാഴ്ചപ്പാട് ഒരു വൈരുദ്ധ്യം ഉളവാക്കുന്നില്ലേ? എന്റെ ദൈവം നിങ്ങളുടെ അത്യാവശ്യങ്ങളൊക്കേയും തീർത്തു തരും എന്ന് ഈ വചനത്തെ ചില ശുശ്രൂഷകർ മാറ്റിമറിക്കുന്നത് ചിന്തിച്ചുനോക്കാം. നാം അന്ന വസ്ത്രാദികൾകൊ് സംതൃപ്തരായാൽ നമുക്കുള്ള സമൃദ്ധിയിൽ നാം സംതൃപ്തരാകുകയില്ല. നമ്മിൽ മിക്കവരും അന്നവസ്ത്രാദികൾക്കപ്പുറം ഉള്ളവരാണ്.

## അതൃപ്തി
## (Discontentment)

നമുക്ക് ആവശ്യമുള്ളതിനേക്കാൾ അധികം നമുക്ക് വേണമെന്ന ആഗ്രഹമാണ് നമ്മുടെ പ്രശ്നം. ദൈവം ആദം ഹവ്വ ദമ്പതികളെ സൃഷ്ടിച്ചപ്പോൾ അവർക്കു സ്വന്തമായി ഒന്നുമില്ലായിരുന്നു പക്ഷേ അവർ പറുദീസയിലാണ് പാർത്തിരുന്നത്. ഭൗതികശേഖരങ്ങളിൽനിന്നും സന്തോഷം ആർജ്ജിക്കണമെന്ന് മനുഷ്യനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നില്ല. ആധുനീക ഷവറിന്റെ കീഴിലുള്ള സ്നാനം, വാഷിംഗ് മെഷീനിൽ തുണിഅലക്ക്, ഫ്രിഡ്ജിന്റെ ഉപയോഗം, കാറിലോ സൈക്കിളിലോസവാരി, റേഡിയോ ശ്രവിക്കൽ, ടെലിഫോണിലുടെ സംസാരം, സ്റ്റൗവിൽ ആഹാരം പാകം ചെയ്യൽ, പൊതുവേദിയിൽ സംസാരിക്കാനുള്ള സജ്ജീകരണം ഉപയോഗിച്ച് പ്രഭാഷണം, ടെലിവിഷൻ പ്രോഗ്രാം ആസ്വദിക്കൽ, വൈദ്യുതി, വെളിച്ചം, ഫാൻ, റിസ്റ്റ്വാച്ച് ഇത്യാദി ഉപയോഗിക്കുക, ആധുനീക രീതിയിലുള്ള വസ്ത്രശേഖരം ഇതൊന്നും യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആയിരുന്നില്ല. ഇതൊന്നും ഇല്ലാതിരുന്നിട്ടും യേശുവിന് എങ്ങനെ സന്തുഷ്ടനായി ജീവിക്കാൻ കഴിഞ്ഞു?

അമേരിക്കയിൽ (ഒരു പക്ഷേ നിങ്ങളുടെ രാജ്യത്തിലും) ആഡംബരവസ്തുക്കൾ വിപണിയിലെത്തിയിരിക്കുന്നു എന്ന് പരസ്യം ജനത്തിന് അവേശം പകരുന്നതാണ്. ഈ പരസ്യങ്ങൾ ഒരുവന്റെ മസ്തിഷ്ക പ്രക്ഷാളനത്തിലൂടെ ചിന്താമണ്ഡലത്തിലേക്കു കടത്തിവിട്ട് അമിത സന്തോഷം കൈവരിക്കാൻ ഇടയാക്കുന്നു. പലതും നമുക്കുായിരുന്നിട്ടും പുതിയത് ശേഖരിക്കാനുള്ള പ്രവണത മനുഷ്യന് അധികമാണ്. ഇതിനെയാണ് യേശു ധനത്തിന്റെ വഞ്ചന (മത്തായി 13:22) എന്ന് പറഞ്ഞത്. ഭൗതിവസ്തുക്കൾ സന്തോഷംതരും പക്ഷേ വാഗ്ദാനം ചെയ്യപ്പെടുന്നതിന്റെ പകുതിമാത്രമേ ലഭ്യമാകുകയുള്ളു. ലോകത്തിന്റെ മായാവലയത്തിൽപെട്ട്, നാം ആവശ്യമുള്ളതിലധികം ശേഖരിക്കുന്നു. തന്മൂലം നാം വിഗ്രഹാരാധിക ളാകുകയും, മാമോന്റെ അടിമകളായി മാറുകയും ചെയ്യുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്ന് പഠിപ്പിച്ച ദൈവത്തേയും ദൈവപ്രമാണത്തേയും

മറക്കുന്നു. ദൈവം യിസ്രായേൽ ജനത്തിന് മുന്നറിയിപ്പു നൽകിയിരുന്നതു ശ്രദ്ധിക്കുക:

> നിന്റെ ദൈവമായ യഹോവയെ നീ മറക്കാതിരിപ്പാനും, ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന അവന്റെ കൽപനകളും വിധികളും ചട്ടങ്ങളും അലക്ഷ്യമാക്കാതിരിപ്പാനും, നീ ഭക്ഷിച്ചു തൃപ്തി പ്രാപിച്ചു നല്ല വീടുകൾ പണിതു അവയിൽ പാർക്കുമ്പോഴും നിന്റെ ആടുമാടുകൾ പെരുകിനിനക്കു വെള്ളിയും പൊന്നും ഏറിനിനക്കുള്ളതു ഒക്കെയും വർദ്ധിക്കുമ്പോഴും നിന്റെ ഹൃദയം നിഗളിക്കാതിരിപ്പാനും നിന്നെ അടിമവീടായ മിസ്രയേമിൽനിന്നു പ ുറപ്പെടുവിക്കുകയും... (ആവ 8:11-14).

ഇതുപോലെ ധനത്തിന്റെ വഞ്ചനയെക്കുറിച്ച് യേശു മുന്നറിയിപ്പു തരുന്നു, അത് ഒരു യഥാർത്ഥവിശ്വാസിയുടെ ആത്മീകജീവിതത്തെ കറപിടിപ്പിക്കുകയും, ജീവിതത്തിന്റെ യഥാർത്ഥ പാതയെ മറിച്ചുകളയുകയും ചെയ്യും (മത്താ 13:7,22). പൗലോസ് മുന്നറിയിപ്പുതരുന്നു. ദ്രവ്യാഗ്രഹം സകലവിധദോഷത്തിനും മൂലമല്ലോ? ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു (1 തിമോ 6:10). എബ്രായ ലേഖനകർത്താവു നമുക്ക് മുന്നറിയിപ്പുതരുന്നു. നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ, ഉള്ളത്കൊ് തൃപ്തിപ്പെടുവിൻ, ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല. (എബ്രാ 13:5). ധന ത്തിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തെക്കുറിച്ച് വചനം തരുന്ന ചില മുന്നറിയിപ്പുകൾ മാത്രമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്.

## സമ്പത്ത് യജമാനൻ ആകുമ്പോൾ
## (When Money is Master)

ദൈവവുമായി നമുക്കുള്ള ബന്ധത്തിന്റെ ഒരളവുകോലാണ് പ ണം. പണം നേടുമ്പോൾ നാം തേടുന്ന മാർഗ്ഗം, ചിലവഴിക്കുന്ന സമയം, അത് നേടിയിട്ട് നാം എന്തിനുവേി ചിലവാക്കുന്നു - ഇതെല്ലാം നമ്മുടെ ആത്മീക ജീവിതത്തെ വെളിപ്പെടുത്തുന്നു. പണം ലഭിച്ചാലും ഇല്ലെങ്കിലും അത് മോഹത്തിന് തിരികൊളുത്തുന്നു. പണത്തിന് രുപദവികൾ ്. പണത്തിന് ദൈവത്തിനുമുകളിൽ സ്ഥാനം നൽകപ്പെട്ടാൽ നമ്മുടെ അയൽക്കാരെ അവഗണിച്ച് നമുക്ക് നമ്മെതന്നെ കൂടുതൽ സ്നേഹിക്കാം. ര്, പണം ഉപയോഗിച്ച് ദൈവത്തോടും അയൽക്കാരോടും നമുക്കുള്ള സ്നേഹം പ്രകടിപ്പിക്കാം.

ഭരിക്കുവാൻ ദൈവത്തേക്കാൾ ഉപരി പണത്തെ അനുവദിച്ച ഒരു മനുഷ്യന്റെ ഉപമ ഒരിക്കൽ യേശു പറയുകയുായി.

> ഒരുപമയും അവരോടു പറഞ്ഞതു: ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ; ഞാൻ എന്തു ചെയ്യേ? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു ഉള്ളിൽ

വിചാരിച്ചു. പിന്നെ അവൻ പറഞ്ഞതു: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും എന്നിട്ടു എന്നോടുതന്നേ; നിനക്കു ഏറിയ ആുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറയും. ദൈവമോ അവനോടു: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പ ിന്നെ നീ ഒരുക്കിവച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു (ലൂക്കോ 12:16-21).

ഈ ധനികനായ വ്യക്തിയെ യേശു മൂഢൻ എന്നുവിളിക്കുന്നു. ആരോഗ്യവും, സമ്പത്തും ഉങ്കിലും ദൈവത്തെ അറിഞ്ഞിട്ടില്ലാത്തതിനാൽ അവൻ ഒരു വിഡ്ഢിയാണ്. ഒരു വിഡ്ഢിയായതുകൊാണ് സ്വാർത്ഥതാല്പര്യങ്ങളെ താലോലിച്ച് ഭാവിയ്ക്ക് വേി അവൻ ആവശ്യത്തിൽ കൂടുതൽ സമ്പാദിച്ചു കൂട്ടിയത്. അവന്റെ സമ്പത്ത് എങ്ങനെ ചിലവഴിക്കണമെന്ന് അവൻ ദൈവത്തോടു ചോദിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ അവൻ ദൈവത്തിന്റെ കാര്യവിചാരകൻ ആകുമായിരുന്നു. അവന്റെ സമ്പത്ത് എങ്ങിനെ ചിലവഴിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം സമ്പത്തിന്റെ കലവറ അവനുവേി നിറയ്ക്കപ്പെടുകയും ചെയ്യുമായിരുന്നു. മറ്റൊരുമാർഗ്ഗം അവൻ കൃഷിനിർത്തി തന്നത്താൻ ശുശ്രൂഷക്കായി സമർപ്പിച്ച് ദൈവം ആഗ്രഹിക്കുന്ന പ്രകാരം പ്രവർത്തിക്കുകയാണ്.

യേശു പറഞ്ഞ ഉപമയിൽ ധനികൾ ചിലകണക്കുകൂട്ടലുകൾ നടത്തി. എന്നാൽ അവന്റെ മരണദിനത്തെക്കുറിച്ചുനടത്തിയ കണക്കുകൂട്ടലുകൾ തികച്ചും തെറ്റായിരുന്നു. അവന്റെ മരണത്തിന് മണിക്കുറുകൾ മാത്രം അവശേഷിക്കുമ്പോൾ, അനേകവർഷം അവൻ ഈലോകത്ത് ജീവിച്ചിരിക്കുമെന്ന് അവൻ കരുതി. ഓരോദിവസവും നമ്മുടെ ദിവസം അവസാനിക്കാൻപോകുന്നു എന്ന് ചിന്തിക്കണം, ദൈവത്തിന് കണക്കുബോധിപ്പിക്കാൻ നാം ബാദ്ധ്യസ്തരാണ്.

## രുവീക്ഷണം
## (Two Perspectives)

മനുഷ്യന്റെ കാഴ്ചപ്പാടിൽനിന്നും തികച്ചും വ്യത്യസ്തമാണ് ദൈവത്തിന്റെ കാഴ്ചപ്പാട്. യേശു പറഞ്ഞ ഉപമയിലെ ധനികനോട് സകലവ്യക്തികൾക്കും വെറുപ്പാണ്, എന്നാൽ ദൈവത്തിനു അവനോടു അനുകമ്പതോന്നി. മനുഷ്യന്റെ ദൃഷ്ടിയിൽ അവൻ ധനികനാണ് എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നിർദ്ധനനാണ്. അവന് എന്നന്നേക്കും നിലനിൽക്കുന്ന സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപങ്ങൾവയ്ക്കാൻ കഴിയുമായിരുന്നു, എന്നാൽ ആ ധനികൻ തന്റെ മരണത്തോടെ

നശിച്ചുപോകുന്ന ഭൂമിയിൽ ആണ് സമ്പത്ത് കൂട്ടിവച്ചത്. ഈ ഉപമയിലൂടെ ധനികനായ മനുഷ്യൻ സ്വർഗ്ഗത്തിൽ കടക്കുകയില്ലായെന്ന് വ്യക്തമാക്കുന്നു.

നമുക്ക് നൽകപ്പെട്ടിരിക്കുന്നതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. നാം ദൈവത്തിന്റെ വിശ്വസ്തരായ കാര്യവിചാരകന്മാർ ആയിരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഭൗതികസമ്പത്തുള്ളവർക്കും സമ്പത്ത് ആഗ്രഹിക്കുന്നവർക്കും ഇത് ഒരു മുന്നറിയിപ്പാണ്. കർത്താവു തന്റെ ശിഷ്യന്മാരേയും ഇതുതന്നെ പഠിപ്പിച്ചു

> അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞതു: ആകയാൽ എന്തു തിന്നും എന്നു ജീവന്നായിക്കൊും, എന്തു ഉടുക്കും എന്നു ശരീരത്തിന്നായിക്കൊും വിചാരപ്പെടരുതു എന്നു ഞാൻ നിങ്ങളോടു പറയുന്നു. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലൊ. കാക്കയെ നോക്കുവിൻ; അതു വിതെക്കുന്നില്ല, കൊയ്യുന്നില്ല, അതിന്നു പാകശാലയും കളപ്പുരയും ഇല്ല; എങ്കിലും ദൈവം അതിനെ പുലർത്തുന്നു. പറവജാതിയെക്കാൾ നിങ്ങൾ എത്ര വിശേഷമുള്ളവർ! പിന്നെ വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തിൽ ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? ആകയാൽ ഏറ്റവും ചെറിയതിനുപോലും നിങ്ങൾ പോരാത്തവർ എങ്കിൽ ശേഷമുള്ളതിനെക്കുറിച്ചു വിചാരപ്പെടുന്നതു എന്ത്? താമര എങ്ങനെ വളരുന്നു എന്നു വിചാരിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ ന ിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ഉടുപ്പിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം? എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങൾ ചിന്തിച്ചു ചഞ്ചലപ്പെടരുത്. ഈ വക ഒക്കേയും ലോകജാതികൾ അന്വേഷിക്കുന്നു; നിങ്ങളുടെ പിതാവോ ഇവ നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നു. അവന്റെ രാജ്യം അന്വേ ഷിപ്പിൻ; അതോടുകൂടി നിങ്ങൾക്കു ഇതും കിട്ടും. ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു.
>
> നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷകൊടുപ്പിൻ; കള്ളൻ കെടുക്കയോ, പുഴു അരിക്കുകയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉ ാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും (ലൂക്കോസ് 12: 1234).

യേശുവിന്റെ ഉപദേശം സമ്പത്തിന്റെ സുവിശേഷം പ്രസംഗിക്കുന്ന ശുശ്രൂഷകന്മാരുടെ ഉപദേശത്തിൽനിന്നും തികച്ചും വ്യത്യസ്ഥമായിരുന്നു

ദൈവത്തിൽനിന്നും കൂടുതൽ നേടുക എന്ന് ആധുനീക ശുശ്രൂഷകർ പഠിപ്പിക്കുമ്പോൾ, ദൈവത്തിനായി കൂടുതൽ ചിലവിടുക എന്നാണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. ഭൂമിയിൽ സമ്പത്ത് കൂട്ടിവയ്ക്കുന്നതിന്റെ ശൂന്യതയും യേശു അവരെ പഠിപ്പിച്ചു. ഭൗതികസമ്പത്ത് അത് ശേഖരിച്ചു വച്ചിരിക്കുന്നവരോടൊപ്പം നശിക്കും.

ധനികനായ മൂഢന്റെ ഉപമയിലൂടെ, ഉണ്ണാനും ഉടുക്കുവാനും ഉങ്കിൽ അതുമതി എന്ന ഒരു വലിയ പാഠം യേശു നമ്മെ പഠിപ്പിക്കുകയാണ്. ലോകത്തെക്കുറിച്ച് ചിന്തിക്കുന്നവന് തന്റെ യഥാർത്ഥലക്ഷ്യം നഷ്ടപ്പെടുന്നു. നമ്മെകരുതുന്ന കർത്താവിൽ വിശ്വസിച്ചാൽ നമുക്ക് ദുഃഖിക്കേിവരില്ല. ദുഃഖരഹിതമാകുന്ന ആ അവസ്ഥയിൽ ദൈവരാജ്യം പടുത്തുയർത്തുന്നതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ നമുക്ക് കഴിയും.

## യേശുവിന്റെ മാതൃക
## (Christ's Example)

പണത്തേക്കുറിച്ച് വളരെയധികം കാര്യം യേശു പറഞ്ഞിട്ടു്. യേശു സ്വന്തം മാതൃകയിലൂടെയാണ് എല്ലാം പഠിപ്പിച്ചത്. ശിഷ്യനെ നേടാൻ ആഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ യേശുവിന്റെ മാതൃകതന്നെ തുടരണം. സ്വന്തജീവിതത്തിൽ പ്രായോഗികമാക്കിയതാണ് യേശു പഠിപ്പിച്ചത്. യേശു എങ്ങനെയാണ് ജീവിച്ചത്?

ഭൂമിയിൽ ധനം സമ്പാദിച്ചുകൂട്ടുവാൻ യേശു ആഗ്രഹിച്ചില്ല. യേശുവിന് മറ്റാരേക്കാളും കൂടുതൽ ധനം സമ്പാദിക്കുവാൻ കഴിയുമായിരുന്നു. പലശുശ്രൂഷകന്മാർക്കും ധനത്തെക്കുറിച്ച് തെറ്റായ ധാരണയാണുള്ളത്. തങ്ങളുടെ ശുശ്രൂഷകർ വളരുവാൻ ദൈവം അവരെ സമ്പന്നരാക്കണമെന്ന് അവർ വിശ്വസിക്കുന്നു. യേശു ഒരിക്കലും ധനം സമ്പാധിക്കുവാൻ വേി തന്റെ അഭിഷേകത്തെ ഉപയോഗിച്ചിട്ടില്ല. യേശു തന്റെ ശിഷ്യന്മാരെ പരിപാലിച്ച് അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി.[100] ഇക്കാലത്ത് വേദപഠനത്തിന് മുതിർന്ന ശുശ്രൂഷകർ പഠിക്കുന്ന ശിഷ്യന്മാരിൽനിന്ന് പണം ഈടാക്കുന്നു്. എന്നാൽ യേശു ഇതിന് വിപരീതമായിരുന്നു.

സ്വർഗ്ഗസ്തനായ പിതാവ് തന്റെ ആവശ്യങ്ങളെയെല്ലാം സമൃദ്ധമായി അനുഗ്രഹിച്ച് പരിപാലിക്കുമെന്ന് യേശു വിശ്വസിച്ചിരുന്നു. പലപ്പോഴും യേശു വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നതായി കാണാം, എന്നാൽ പലപ്പോഴൂം കതിർ പറിച്ചു തിന്ന് വിശപ്പടക്കിയ സംഭവവും ഉായിട്ടു് (ലൂക്കോ 6:1).

100 . 1യേശുവിന്റെ ശുശ്രൂഷ സമൃദ്ധിയുടെ ശുശ്രൂഷയാണെന്ന് ഇന്നത്തെ സമൃദ്ധിയുടെ ശുശ്രൂഷകന്മാർ വാദിക്കാറു്. യേശുവിന് ആവശ്യമുള്ളതൊക്കേയും ദൈവം നൽകികൊടുത്തിരുന്നു എന്നത് സത്യമാണ് തന്മൂലം യേശുവിന്റെ ശുശ്രൂഷപുഷ്ടിപ്രാപിച്ചു. എന്നാൽ യേശു ഇന്നത്തെ ശുശ്രൂഷകരെപ്പോലെ സ്വാർത്ഥത ഉള്ളവനായിരുന്നില്ല. വ്യക്തിപരമായ സൗഭാഗ്യത്തിനുവേി യേശു പണം ചിലവഴിച്ചിരുന്നില്ല.

യേശുവിന്റെ പ്രസംഗം ശ്രവിക്കാൻ കടന്നുവന്ന ആയിരക്കണക്കിന് പുരുഷാരത്തിന് യേശു ഭക്ഷിക്കുവാൻ നല്കിയിട്ടു. പ്രവേശനഫീസ് നൽകണമെന്ന് ആവശ്യപ്പെടുന്ന ആധുനിക ക്രിസ്തീയസമ്മേളനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു യേശുവിന്റെ ശുശ്രൂഷ. ഭക്ഷണം നൽകി നടത്തപ്പെടുന്ന ശുശ്രൂഷകന്മാർക്കു വേിയുള്ള സമ്മേളനങ്ങളെ ചിലർ പരിഹസിക്കാറു്. ചിലവിനുകൊടുത്തു ആളെകൂട്ടുന്നു എന്ന് ഇതിനെ പരിഹസിക്കുന്നവരു്. സത്യത്തിൽ നാം ക്രിസ്തുവിന്റെ മാതൃക പിൻതുടരുകയാണ്.

അഗതികൾക്കു നൽകുവാൻ യേശുവിന്റെ പക്കൽ പണശേഖരം ഉായിരുന്നു. പാവങ്ങൾക്ക് സഹായം എത്തിക്കുക എന്നത് യേശുവിന്റെ ഒരു പ്രധാനഘടകമായിരുന്നു. നിനക്കു ചെയ്യുവാനുള്ളത് വേഗത്തിൽ ചെയ്യുക എന്ന് അന്ത്യത്താഴത്തിൽനിന്ന് ഇറങ്ങിപ്പോയ യൂദാസിനോടു യേശു പറഞ്ഞപ്പോൾ, പണം കൊടുത്ത് ഭക്ഷണം വാങ്ങുവാനോ, പാവപ്പെട്ടവർക്ക് പണം കൊടുക്കുവാനോ യേശു യൂദയെ നിർബന്ധിക്കുകയാണെന്നാണ് മറ്റു ശിഷ്യന്മാർ കരുതിയത് (യോഹ 13: 27-30).

നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന തത്വത്തിൽയേശു ഉറച്ചുനിന്നു. ലളിതജീവിതം നയിച്ചുകൊ് മറ്റുള്ളവരെപോഷിപ്പിക്കാൻ യേശു ശ്രമിച്ചു. രുവസ്ത്രം ഉള്ളവൻ ഒന്ന് ഇല്ലാത്തവനുകൊടുക്കട്ടെ എന്ന സ്നാപകയോഹന്നാന്റെ ഉപദേശത്തോടു യേശുവിന് വിമുഖത കാട്ടതായിവന്നില്ല കാരണം യേശുവിന് ഒരു വസ്ത്രമേ ഉായിരുന്നുള്ള (ലൂക്കോ 3:11) സമൃദ്ധി പ്രസംഗിക്കുന്ന ഇന്നത്തെ ശുശ്രൂഷകന്മാർ ഇതിനും ഒരു പഴുതു കത്തെിയിട്ടു്. അതായത് യേശു സമ്പന്നനായിരുന്നു കാരണം യേശുവിന് തുന്നൽ ഇല്ലാത്ത ഒരു അങ്കിഅകവസ്ത്രമുായിരുന്നു (യോഹ 19:23). ഈ അങ്കിസാധാരണയായി ധനാഢ്യന്മാർ മാത്രമേ ഉപയോഗിക്കാറുള്ളു. വചനത്തിന് വിരുദ്ധമായി എത്രയെത്ര വ്യാഖ്യാനങ്ങൾ ഇന്ന് നിലനിൽക്കുന്നു. യേശു തുന്നൽ ഇല്ലാത്ത അടിവസ്ത്രംധരിച്ചു അത് പുറത്തുകാട്ടിയില്ല, അതുപോലെ തുന്നലില്ലാത്ത വിലപിടിപ്പുള്ള അങ്കി പുറത്തുധരിച്ചില്ല. കാരണം യേശുവിന് തന്റെ സമ്പത്ത് മറയ്ക്കുവാൻ വേിയാണ് ഇത് ചെയ്തതെന്ന് ചിലർ വിമർശിക്കുന്നു.

പണത്തെക്കുറിച്ച് യേശു വളരെ അധികം കാര്യങ്ങൾ പറഞ്ഞിട്ടു് എന്നാൽ സ്ഥലപരിമിതികൊ് അതെല്ലാം ഇവിടെ ചേർക്കുന്നില്ല. വചനത്തെ വളച്ചൊടിച്ച് സമൃതിയുടെ സുവിശേഷം വിതയ്ക്കുന്ന ആധുനിക ശുശ്രൂഷകന്മാരുടെ ഉപദേശങ്ങൾ വഞ്ചനാപരമാണ്.

## ദൈവം ശലോമോനെ സമ്പന്നനാക്കി
## (God Made Solomon Rich)

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്ന ആധുനിക ശുശ്രൂഷകർ സ്വയം നീതീകരിച്ച് അവരുടെ അത്യാഗ്രഹത്തെ മറയ്ക്കുന്നു. ശലോമോന് ദൈവം സമ്പത്ത് നൽകിയത് ഒരു വ്യവസ്തയുടെ പേരിലാണെന്ന് അവർ മറയ്ക്കുന്നു. ദൈവം ശലോമോനിൽ പ്രസാദിച്ചു. അവന്റെ ആവശ്യം ആരാഞ്ഞപ്പോൾ ശലോമോൻ, ജനത്തെ ഭരിക്കുവാനുള്ള ജ്ഞാനമാണ് ആവശ്യപ്പെട്ടത്. ധനം ചോദിക്കാതിരുന്നതുകൊ് ദൈവം അവനിൽ പ്രസാദിച്ചു, എന്നാൽ ജ്ഞാനത്തോടൊപ്പം വേുവോളം ധനവും കൊടുത്തു. ദൈവം ആഗ്രഹിച്ചതുപോലെ ശലോമോൻ തന്റെ ജ്ഞാനത്തെ ഉപയോഗിച്ചില്ല, തത്ഫലമായി അവൻ വിഡ്ഢിയായിമാറി. അവൻ ബുദ്ധിമാൻ ആയിരുന്നെങ്കിൽ അവൻ ജനിക്കുന്നതിനുമുമ്പുതന്നെ ദൈവം യിസ്രായേലിന് നൽകിയ ന്യായപ്രമാണം അനുസരിക്കുമായിരുന്നു.

> എന്റെ ചുറ്റുമുള്ള സകലജാതികളെയും പോലെ ഞാൻ ഒരു രാജാവിനെ എന്റെ മേൽ ആക്കുമെന്നു പറയുമ്പോൾ നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന രാജാവിനെ നിന്റെ മേൽ ആക്കേണം, നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു ഒരുത്തനെ നിന്റെ മേൽ രാജാവാക്കേണം; നിന്റെ സഹോദരനല്ലാതെ അന്യജാതിക്കാരനെ നിന്റെമേൽ ആക്കിക്കൂടാ. എന്നാൽ അവന്നു കുതിര അനവധി ഉാകരുത്. അധികം കുതിരകളെ സമ്പാദിക്കേതിനു ജനം മിസ്രായീമിലേക്ക് മടങ്ങിപ്പോരുവാൻ അവക്ക് ഇടവരുത്തരുത്. ഇനിമേൽ ആ വഴിക്കുതിരിയരുത് എന്നു യഹോവ നിങ്ങളോടു കല്പിച്ചിട്ടുല്ലോ. അവന്റെ ഹൃദയം മറിഞ്ഞു പോകാതിരിപ്പാൻ അനേകം ഭാര്യമാരെ അവൻ എടുക്കരുത്, വെള്ളിയും പൊന്നും അധികമായി സമ്പാദിക്കയും അരുത് (ആവ 17: 15-17).

സമുദ്ധിയുടെ ശുശ്രൂഷകർ ശലോമോന്റെ സമൃദ്ധിയെ പിൻതുടർന്ന് വചനപ്രഘോഷണം നടത്തുമ്പോൾ, അവർ മറന്നുപോകുന്ന ഒരു സത്യമു് – ശലോമോന്റെ ദയനീയമായ അന്ത്യം. ശലോമോനെപ്പോലെ ഇവരും വിഗ്രഹാരാധികൾ ആകും. ശലോമോന്റെ ഹൃദയത്തെ ചഞ്ചലപ്പെടുത്തി വിഗ്രഹാരാധനയ്ക്ക് വിധേയനാക്കിയത് അവന്റെ ഭാര്യമാരായിരുന്നു. അവന്റെ ധനത്തെ ധൂർത്തടിച്ചതും അവന്റെ ഭാര്യമാരായിരുന്നു.

ദൈവം ശലോമോനെക്കുറിച്ച് ആഗ്രഹിച്ചതെന്താണ്? ദൈവം നൽകിയ ധനം കൊ് തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുവാനാണ്, എന്നാൽ ശലോമോൻ അതുപോയോഗിച്ച് തന്നെത്താൻ സ്നേഹിച്ചു. ദൈവത്തിന്റെ ആജ്ഞകളെ ധിക്കരിച്ചുകൊ് അവൻ സ്വർണ്ണം,വെള്ളി, കുതിരകൾ, ഭാര്യമാർ, ഇവരെയൊക്കെ അവനുവേി ഇരട്ടിപ്പിച്ചു. അവസാനം അവന് 700 ഭാര്യമാരും, 300 വെപ്പാട്ടികളും ഉ ായിരുന്നു. അഗതികളെ കരുതേ ശലോമോൻ തന്നിൽതന്നെ ഒതുങ്ങി.

സമൃദ്ധിപ്രസംഗിക്കുന്ന സുവിശേഷകന്മാർ ഈ ശലോമോനെയാണ് മാതൃകയാക്കിയിരിക്കുന്നത്, പുതിയ നിയമക്രിസ്ത്യാനികളെയും ഇവർ ഇക്കൂട്ടത്തിലേക്കു ക്ഷണിക്കുകയാണ്. നാം ക്രിസ്തുവിനെപ്പോലെ ആയിരിത്തീരണമെന്നല്ലേ വചനം?

## ദൈവം അബ്രഹാമിനെ സമ്പന്നനാക്കി, ആ അനുഗ്രഹം നമ്മുടെ വാഗ്ദത്തമാണ്

## God Made Abraham Rich and Abraham's Blessings Are Promised to Us

ഗലാത്യർ മൂന്നാം അദ്ധ്യായത്തിലെ പൗലോസിന്റെ വാക്കുകളെ നീതീകരിച്ച് അണിയിച്ചൊരുക്കിയിരിക്കുന്നു. സന്ദർഭത്തിന്റെ വെളിച്ചത്തിൽ ആ വചനഭാഗം നമുക്ക് നോക്കാം.

> എന്നാൽ ദൈവം വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകിട്ടു: നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു. എന്നാൽ ന്യായ പ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു; ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നതു ഒക്കെയും ചെയ്യാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ. എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്. ന്യായപ്രമാണത്തിന്നോ വിശ്വാസമല്ല ആധാരമായിരിക്കുന്നതു; അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നുല്ലോ. മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കുവാങ്ങി. അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കുവരേതിന്നു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ (ഗലാ 3:8-14).

14-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന അബ്രഹാമിന്റെ അനുഗ്രഹം ദൈവം അബ്രഹാമിനു നൽകിയ അനുഗ്രഹമാണ്. നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ദൈവം മുൻകൂട്ടി അവനെ അനുഗ്രഹിച്ചിരുന്നു. എന്നാൽ 15-ാം വാക്യത്തിൽ നാം വായിക്കുന്നു: അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സ ന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രേ പറയുന്നത്. അതുക്രിസ്തുതന്നേ. സകലജാതികൾക്കും

അനുഗ്രഹം വാഗ്ദത്തം നൽകപ്പെട്ടു, ദൈവത്തിന്റെ കോപാഗ്നിയിൽ ലോകത്തിന്റെ പാപം ചുമന്ന് യേശു ക്രൂശിൽ മരിച്ചു. തന്മൂലം അബ്രഹാമിന്റെ അനുഗ്രഹം ജാതികൾക്കും ലഭിച്ചു. ദൈവം ജാതികൾക്ക് അബ്രഹാമിനെപ്പോലെ ഭൗതികമായ സമ്പത്ത് വാഗ്ദത്തം ചെയ്യുകയായിരുന്നില്ല, അവന്റെ സന്തതിയിലൂടെ ജാതികളെ അനുഗ്രഹിക്കുകയായിരുന്നു; അതായത് യേശുതന്റെ കാൽവറി മരണത്തിലൂടെ ജാതികളെ അനുഗ്രഹിക്കുകയായിരുന്നു (ജാതികൾക്ക് വിശ്വാസത്തിലൂടെ യേശു മൂലം രക്ഷ കരസ്ഥമാക്കാമെന്ന് പൗലോസ് ഊന്നിപ്പറയുന്നു).

## മറ്റൊരു കോട്ടം
## (Another Twisting)

സമ്പന്ന സുവിശേഷം പ്രസംഗിക്കുന്നവർ അവരുടെ സിദ്ധാന്തത്തെ ഉറപ്പിക്കാൻ ഈ പ്രസ്താവനതന്നെ മറ്റൊരു വിധത്തിൽ വളച്ചൊടിച്ച് പ്രസ്താവിക്കാറു്. ദാരിദ്ര്യത്തിന്റെ ശാപത്തെ നീക്കുവാനുള്ള വാഗ്ദത്തം ന ൽകപ്പെട്ടിരിക്കുന്നു എന്ന് അവർ വാദിക്കുന്നു (ആവ 28: 30-31, 33, 38-40, 47-48, 51, 68). ക്രിസ്തു നമുക്കുവേി ശാപമായിത്തീർന്നു; നമ്മെ ശാപത്തിൽ നിന്നും വിടുവിച്ചു (ഗലാ 3:13) എന്ന് പൗലോസ് പറയുന്നു. അതുപോലെ ക്രിസ്തുവിലുള്ളവർ ദാരിദ്ര്യത്തിന്റെ ശാപത്തിൽനിന്നു വിടുവിക്കപ്പെട്ടിരിക്കുന്നു.

ആവർത്തനം 28-ാം അദ്ധ്യായത്തിൽ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേകതരം ശാപങ്ങളിൽ ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും നമ്മെ ക്രിസ്തു വിടുവിച്ചിരിക്കുന്നു എന്നു പ റഞ്ഞിരിക്കുന്നത് തർക്ക വിഷയമായി പരിഗണിക്കേിയിരിക്കുന്നു. യേശു നമ്മെ ശാപങ്ങളിൽനിന്നു വിടുവിച്ചു എന്ന് അല്ല, ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നുവിടുവിച്ചു എന്നാണ് പത്രോസ് രേഖപ്പെടുത്തിയിരിക്കുന്നത്, ന്യായപ്രമാണത്തെ അനുസരിച്ച് രക്ഷയ്ക്കുവേി കാംക്ഷിക്കുന്നവർക്കും ഇതൊരു ശാപമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരിക്കൽ നാം ക്രിസ്തുവിന ാൽ വിടുവിക്കപ്പെട്ടവരെങ്കിൽ ന്യായപ്രമാണത്തെ ആശ്രയിച്ചുകൊ് വിടുതലിന ായി ശ്രമിക്കേകാര്യമില്ല, ഒരുവിധത്തിൽ പറഞ്ഞാൽ നാമെല്ലാം ശാപത്തിൽനിന്നും മോചനം നേടിയിരിക്കുന്നു.

ആവർത്തനം 28-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള എല്ലാ ശാപത്തിൽനിന്നും യേശു നമ്മെ വിടുവിച്ച് ഭൗതിക അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്യുകയായിരുന്നു എന്നാണ് പൗലോസ് പറയുന്നതെങ്കിൽ, ഈ പൗലോസ് തന്നെ ഒരിക്കൽ ഈ നാഴികവരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും കുത്തുകൊും സ്ഥിരവാസം കൂടാതേയും ഇരിക്കുന്നു (1 കൊരി 4:11) എന്നും പറഞ്ഞതെന്തിനാണ്? വീും നമുക്ക് അതിശയം തോന്നിപ്പിക്കുന്ന പൗലോസിന്റെ വാക്കുകൾ:

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു (റോമ 8:3536).

പീഡനം, ക്ഷാമം, നഗ്നത, ആപത്ത്, വാള് എന്നിവയിൽനിന്ന് വിശ്വാസികൾ, ശാപത്തിന്റെ പൗലോസ് ഈ വാക്കുകൾ എഴുതുകയില്ലായിരുന്നു.

യേശു എന്തുകൊ് താഴെക്കൊടുത്തിരിക്കുന്ന സ്വർഗ്ഗീയ അനുഭവങ്ങളെ മുൻകൂട്ടി പറഞ്ഞു എന്നും അതിശയിക്കേിയിരിക്കുന്നു.

രാജാവ് തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്തു: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന്നു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുക ിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകിട്ടു കുടിപ്പാൻ തരികയോ ചെയ്തു. ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കിട്ടു ചേർത്തുകൊൾകയോ നഗ്നന ായി കിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കും ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. (മത്താ 25: 34–40)

ശാപത്തിന്റെ പിടിയിൽനിന്ന് വിടുവിക്കപ്പെട്ട വിശ്വാസികൾ, ഒട്ടും കുറവല്ലാത്ത ഐശ്വര്യം കൈവരിക്കും എന്നതിന് സംശയമില്ല. ത്യാഗികളായ വിശ്വാസികളുടെ ആവശ്യങ്ങളെ മറ്റു വിശ്വാസികൾ മൂലം നിർവ്വഹിക്കപ്പെടുമെന്ന് യേശു പറഞ്ഞത് ശ്രദ്ധിക്കുക. ദൈവം നമ്മുടെ ആവശ്യങ്ങളെ നിറവേറ്റിത്തരുമെന്ന് നമുക്ക് എപ്പോഴും വിശ്വസിക്കാം.

അബ്രഹാമിനെപ്പോലെ സമ്പന്നരാകുവാൻ കാംക്ഷിക്കുന്ന സമ്പന്നത പ്രസംഗിക്കുന്ന ശുശ്രൂഷകന്മാർ അബ്രഹാമിനെപ്പോലെ വൈദ്യുതിയും, വെള്ളവുമില്ലാത്ത കൂടാരങ്ങളിൽ പാർക്കുവാൻ തയ്യാറാണൊ എന്ന ചോദ്യത്തിന് നിഷ്കളങ്കമായ ഉത്തരം പറയാൻ ബാദ്ധ്യസ്തരാണ്. പ ഴയനിയമത്തിലെ വിശ്വാസികൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സമ്പന്നരായിത്തീർന്നപ്പോൾ, അവരുടെ സമ്പത്തിന്റെ സമൃദ്ധിയിൽനിന്നുദൈവത്തിന്റെ മഹത്വത്തിനും, മറ്റുള്ളവർക്കും പ ങ്കുവെച്ചവരാണെന്നു മറക്കരുത്. അനേകർക്ക് അബ്രഹാം തൊഴിലും

സമ്പത്തും നൽകിയെന്ന് പചനം പറയുന്നു (ഉല്പ 14:14) ഇയ്യോബും തന്റെ സമ്പത്തിന്റെ ഭാഗം വിധവകൾക്കും അനാഥർക്കും പങ്കിട്ടു എന്ന് വചനം സാക്ഷ്യം പറയുന്നു (ഇയ്യോ 29: 12-13, 31: 16-82).

വ്യാപാരത്തിൽ മുഴികിയിരിക്കുന്നവർ ഓർക്കേ ഒരു പ്രധാനകാര്യമ്ദ്, ദൈവത്തേയും, തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കുകയാണ് തന്റെ പ്രധാന വ്യാപാരം

## യേശു നിർദ്ധനനായതുകൊ്‌ നാം സമ്പന്നരായി എന്ന് വചനം പ റയുന്നു
## (Scripture Says that Jesus Became Poor So that We could Become Rich)

വേദപുസ്തകം പറയുന്നു.

> നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്രത്താൽ നിങ്ങൾ സമ്പന്നർ ആകേതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ (2 കൊരി 8:9).

യേശു സ്വർഗ്ഗത്തിൽ ധനികനും ഭൂമിയിൽ ദരിദ്രനുമായിരുന്നു എന്ന് വചനം പറയുന്നു. അതുകൊ്‌ ഭൂമിയിലുള്ള യേശുവിന്റെ പിൻഗാമികൾ ധനികരായിരിക്കണമെന്ന് പൗലോസ് ഈ വചനത്തിലൂടെ വെളിപ്പെടുത്തുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഭൗതികമായ സമ്പത്തിനേയും, ദാരിദ്ര്യത്തേയും കുറിച്ചാണ് ഈ വചനത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞതെങ്കിൽ, വചനത്തിന്റെ രാംഭാഗത്ത് ആത്മിക സമ്പത്തിനെക്കുറിച്ച് പറയുകയില്ലായിരുന്നു.

യേശു ഭൗതികമായി ദാരിദ്ര്യം അനുഭവിച്ചത് നാം സമ്പന്നരാകാൻ വേിയാണ് എന്നാണ് പൗലോസ് അർത്ഥമാക്കിയതെങ്കിൽ, അതേ ലേഖനത്തിൽ ചില വാക്യങ്ങൾക്കുശേഷം പൗലോസ് ഇങ്ങനെ എഴുതിയതെന്താണ്?

> എനിക്ക് അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പ ലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചതുകൂടാതെ എനിക്കു ദിവസേന സർവ്വസഭകളേയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കു ്‌ (2 കൊരി 11:27).

നാം സമ്പന്നരാകാൻ യേശു ഭൗതികമായി ദരിദ്രനായിരുന്നു (2 കൊരി 8:9) പൗലോസിന്റെ ജീവിതത്തിൽ ഇത് വെളിപ്പെട്ടുകാണുവാൻ ക്രിസ്തു ആഗ്രഹിച്ചില്ല. തന്നെ സമ്പന്നരാക്കാൻ യേശു ദരിദ്രനായിത്തീർന്നു എന്ന് പൗലോസ് അർത്ഥമാക്കിയതേയില്ല, ദൈവ സന്നിധിയിൽ ആത്മികമായി നാം സമ്പന്നരാകണമെന്നാണ് പൗലോസ് അർത്ഥമാക്കിയത്. യേശുവിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. ദൈവവിഷയമായി

സമ്പന്നരാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെതന്നെ (ലൂക്കോ 12:21). സ്വർഗ്ഗത്തിൽ ധനികരായിത്തീരാൻ ശ്രമിക്കുക, അവിടെയായിരിക്കട്ടെ നമ്മുടെ ഹൃദയവും നിക്ഷേപവും.

സമ്പന്നത പ്രസംഗിക്കുന്ന സുവിശേഷകരെപ്പോലെ ഒരു ഭാഗത്ത് ഭൗതികസമ്പത്തിനെക്കുറിച്ചും മറുഭാഗത്ത് ആത്മിക സമ്പത്തിനെക്കുറിച്ചും സംസാരിക്കുന്നത് ശരിയാണൊ? ശമര്യാപട്ടണത്തിലുള്ളവരോടും യേശു പറഞ്ഞത് ശ്രദ്ധിക്കുക.

> ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും, നീ ധനവാനാകുന്നുതാനും(വെളി 2:9എ).

ശമര്യക്കാർ അനുഭവിക്കുന്ന സാമ്പത്തിക ദാരിദ്ര്യത്തെക്കുറിച്ചാണ് യേശു പറയുന്നത്. എന്നാൽ നാലുവാക്യങ്ങൾക്കുശേഷം യേശു അവരോടുതന്നെ അവരുടെ ആത്മിക സമ്പത്തിനെക്കുറിച്ച് സംസാരിക്കുന്നു.

## നാം കൊടുക്കുന്നതിന്റെ നൂറുമടങ്ങ് യേശു നമുക്ക് വാഗ്ദത്തം ചെയ്യുന്നു
## ("Jesus Promised a Hundred-Fold Return on Our Giving")

കൊടുക്കുന്നവന് നൂറുമടങ്ങ് മടക്കിക്കൊടുക്കുമെന്ന് യേശു വാഗ്ദത്തം ചെയ്തു. യേശു പറഞ്ഞത് നമുക്ക് വായിക്കാം.

അതിനു യേശു:

> എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ, സഹോദരന്മാരേയോ, സഹോദരികളേയോ, അമ്മയേയോ, അപ്പനേയോ, മക്കളേയോ, നിലങ്ങളേയോ വിട്ടാൽ, ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടുകൂടെ നൂറുമടങ്ങു വീടുകളേയും സഹോദരന്മാരേയും, സഹോദരികളേയും അമ്മമാരേയും മക്കളേയും നിലങ്ങളേയും വരുവാനുള്ള ലോകത്തിൽ നിത്യജീവനേയും പ്രാപിക്കാത്തവർ ആരും ഇല്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മർക്കോ 10: 29–30).

സമ്പന്ന സുവിശേഷകർ പ്രസംഗിക്കുന്നതുപോലെ, പ്രസംഗിക്കുന്നവർക്കു പണം കൊടുക്കുന്നവർക്കല്ല മേൽപറഞ്ഞ വാഗ്ദത്തം. സുവിശേഷത്തിനുവേി, ഭവനം, നിലം, ബന്ധുക്കൾ ഇവരെയൊക്കെ വിട്ട് സുവിശേഷവുമായി ദേശങ്ങൾ താുന്നവർക്കു ദൈവം നൽകുന്ന വാഗ്ദത്തമാണിത്. ഇങ്ങനെയുള്ളവർക്ക് ഈ ലോകത്തിൽതന്നെ നൂറുമടങ്ങ് മടക്കിക്കൊടുക്കുമെന്ന് യേശു വാഗ്ദത്തം ചെയ്തിട്ടു്.

പീഡനവും നിത്യജീവനും ഇങ്ങനെയുള്ളവരുടെ അവകാശമാണ്. നിത്യജീവൻ പ്രാപിക്കാൻ യേശുവിന്റെ അടുക്കൽ വന്ന യൗവ്വനക്കാരനോടു യേശു തന്റെ ഉപദേശം അറിയിച്ചപ്പോൾ അവൻ ദുഃഖിതനായി മടങ്ങിപ്പോയത്

ശിഷ്യന്മാർ കു. യേശു അവരോടു പറഞ്ഞു: ''ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതു എളുപ്പം എന്നു ഉത്തരം പറഞ്ഞു'' (മർക്കോ 10:25).

യേശുവിന്റെ വാക്കുകൾ കേട്ട ശിഷ്യന്മാർ സ്തബ്ധരായിപ്പോയി, അവർക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള സാധ്യതകളുടെ അഭാവത്തെക്കുറിച്ച് സ്വയം ചിന്തിച്ചു. യേശുവിനെ പിൻപറ്റാൻ അവർ ഉപേക്ഷിച്ചതിനെക്കുറിച്ച് ഓർമിപ്പിച്ചപ്പോൾ, യേശു അവർക്ക് നൂറിരട്ടി പ്രതിഫലം വാഗ്ദാനം ചെയ്തു.

യാഥാർത്ഥ്യങ്ങൾ ഇതായിരിക്കെ, സമ്പന്നസുവിശേഷത്തിന്റെ വക്താക്കളുടെ വാക്കുകളിൽ വിശ്വസിച്ച് നൂറിരട്ടി മടക്കിക്കിട്ടുമെന്ന് പ്രതീക്ഷയോടെ സമ്പത്ത് മോഹിക്കുന്നവരോടു യേശു ധനികനായ യുവാവിനോടു പറഞ്ഞതല്ലാതെ മറ്റൊന്നും പറയാനില്ല, അതായത് നിത്യജീവനാണ് ലക്ഷ്യമെങ്കിൽ നിനക്കുള്ളത് വിറ്റ് ദരിദ്രന്മാർക്കുകൊടുക്കുക.

സമ്പന്ന സുവിശേഷകന്മാർ വചനത്തെ വളച്ചൊടിച്ച് സമ്പത്തു വർദ്ധിപ്പാനുള്ള ഒരു മാർഗ്ഗമായി സുവിശേഷത്തെ ഉപയോഗിക്കുന്നതിന് അനവധി തെളിവുകൾ ുണ്ട്. അവയൊന്നും പ്രതിപാദിക്കാൻ സ്ഥലം പോരാത്തതുകൊ് ഇവിടെ ചുരുക്കുന്നു. ജാഗ്രതയോടെ ഇരിക്കുക.

## സ്മരിക്കപ്പെടാൻ ഒരു നീതിവാക്യം
## (A Maxim to Remember)

മെഥോഡിസ്റ്റ് സഭയുടെ സ്ഥാപകനായ ജോൺ വെസ്ലി പണത്തെക്കുറിച്ച് നല്ലൊരു നീതിവാക്യം രൂപപ്പെടുത്തിട്ടു്.

''കഴിയുന്നിടത്തോളം സമ്പത്ത് ുാക്കുക; സമ്പാദിക്കാവുന്നിടത്തോളം ധനം സമ്പാധിക്കുക; കൊടുക്കാവുന്നിടത്തോളം ധനം കൊടുക്കുക.''

ദൈവം തന്ന കഴിവും അവസരവും ഉപയോഗിച്ച് കഠിനാദ്ധ്വാനംചെയ്ത് ആവോളം സമ്പാദിക്കുക എന്നാൽ താൻ നേടിയതും സമ്പാദിച്ചതും ക്രിസ്തുവിന്റെ കല്പനകളെ മുറുകെ പിടിച്ചുകൊാണെന്ന് ഉറപ്പുവരുത്തുക.

രാമതായി, മിതമായും ലളിതമായും ചിലവഴിച്ച് കഴിവുള്ളടത്തോളം സമ്പാദിക്കുക.

അവസാനമായി, ആദ്യത്തെ രു പടികൾ പിൻതുടർന്ന് അവർക്കു കൊടുക്കുവാൻ കഴിവുള്ളടത്തോളം, അതായത് പത്തിൽ ഒന്ന് എന്നു നിജപ്പെടുത്താതെ, ധാരാളമായികൊടുക്കുക, തന്മൂലം വിധവമാരേയും

അനാഥരേയും പോറ്റിപുലർത്തുക എന്നതിനപ്പുറം ലോകത്തെമ്പാടും സുവിശേഷം പ്രചരിപ്പിക്കാനും അത് കൊ് സാധ്യമാകും.

ആദ്യകാലസഭകൾ ഈ മാതൃക പിൻതുടരുകയും തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ആദ്യകാല വിശ്വാസികൾ യേശുവിന്റെ കല്പനകൾ കർശനമായി പാലിച്ചിരുന്നു.

"നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷകൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴുകെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉാക്കിക്കൊൾവിൻ" (ലൂക്കോ 12:33).

ആദിമ സഭയിലെ സംവിധാനത്തെക്കുറിച്ച് ലൂക്കോസിന്റെ വിവരണം ശ്രദ്ധിക്കാം.

> വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും, ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവ വാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊു ഉല്ലാസവും ഹൃദയപരമാർത്ഥതയുംപൂ ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റേയും കൃപ അനുഭവിക്കയും ചെയ്തു (അപ്ര 2:44–45).
>
> വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ള ഒന്നും സ്വന്തം എന്നു ആരും പറഞ്ഞില്ല; സകലവും അവർക്കു പൊതുവായിരുന്നു. അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന്നു സാക്ഷ്യം പറഞ്ഞുവന്നു; എല്ലാവർക്കും ധാരാളം കൃപലഭിച്ചിരുന്നു. മറ്റുള്ളവർ ആരും അവരിൽ ഉായിരുന്നില്ല; നിലങ്ങളുടേയോ വീടുകളുടേയോ ഉടമസ്ഥരായവർ ഒക്കേയും അവയെ വിറ്റു വില കൊുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽവെയ്ക്കും; പിന്നെ ഓരോരുത്തന്നു അവനവന്റെ ആവശ്യംപോലെ വിഭാഗിച്ചുകൊടുക്കും (അപ്ര 4:32–35).

സാധുക്കളായ വിധവകളുടെ പരിപാലനം സഭ ഏറ്റെടുത്തിരുന്നെന്ന് വചനം വ്യക്തമാക്കുന്നു (അപ്ര 6:1, 1 തിമോ 5: 3–10).

"ജീവിച്ചിരുന്ന അപ്പോസ്തലന്മാരിൽ പ്രമുഖനായിരുന്നു പൗലോസ് അപ്പോസ്തലൻ. ജാതികളെ സുവിശേഷം അറിയിക്കാനുള്ള ചുമതല ദൈവം പൗലോസിനെ ഏൽപിച്ചിരുന്നു. അനവധി ലേഖനങ്ങളുടെ കർത്താവായിരുന്ന ആദ്ദേഹം അഗതികളെ സഹായിച്ചു. അവരെ സഹായിക്കുന്നത് അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ഒരു ഭാഗമായിരുന്നു. താൻ സഭ സ്ഥപിച്ചിടത്തെല്ലാം അഗതികളെ സഹായിക്കാൻ നല്ല തുകകൾ

അദ്ദേഹം ശേഖരിച്ചിരുന്നു'' (അപ്ര 11:27–30, 24: 17, റോമ 15: 25–28, 1 കൊരി 16: 1–4, 2 കൊരി 8–9, ഗലാ 2:10). ക്രിസ്തുവിന്റെ അപ്പോസ്തലനായി പതിനേഴുവർഷങ്ങൾക്കുശേഷം പൗലോസ് യറുശലേമിൽ എത്തി പത്രോസിനേയും യോഹന്നാനേയും യാക്കോബിനേയും കു. അവർക്കാർക്കും പൗലോസിന്റെ സുവിശേഷപ്രവർത്തനങ്ങളിൽ ഒരു തെറ്റും കുപിടിക്കാൻ കഴിഞ്ഞില്ല. ദരിദ്രരെ ഓർത്തുകൊള്ളേണം എന്നു മാത്രം അവർ പറഞ്ഞു. അങ്ങനെ ചെയ്വാൻ ഞാൻ ഉത്സാഹിച്ചുവന്നിരിക്കുന്നു (ഗലാ 2:10) പൗലോസിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള മറ്റ് അപ്പോസ്തലന്മാരുടെ അഭിപ്രായമാണ് മുകളിൽ നാം കത്. സുവിശേഷം കഴിഞ്ഞാൽ അവർ രാം സ്ഥാനം കൊടുത്തത് ദരിദ്രർക്കാണ്. പത്രോസിന്റേയും യോഹന്നാന്റെയും പൗലോസിന്റേയും മനസ്സിൽ ദരിദ്രരോടുള്ള അനുകമ്പ അധികം ആയിരുന്നു.

**രത്നചുരുക്കം**
**(In Summary)**

ശിഷ്യന്മാരെ വാർത്തെടുക്കാൻ താത്പര്യപ്പെടുന്ന ശുശ്രൂഷകർക്ക്, ഈ വിഷയത്തിൽ ഉചിതമായ ഒരു ഉദാഹരണം അപ്പോസ്തലനായ പൗലോസ് തിമോത്തിയോസിനുകൊടുക്കുന്ന ഉപദേശമാണ് ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിന്നും മുലമല്ലോ, ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടകന്നു ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു. പൗലോസ് തിമോത്തിയോസിന്നു മുന്നറിയിപ്പു നൽകി:

നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ സൗമ്യത എന്നിവയെ പിന്തുടരുക (1 തിമോ 6:11).